For Evaluation Only.
Copyright (c) by VeryPDF.com Inc
Edited by VeryPDF PDF Editor Version 2.6

# ഉയർപ്പിനുശേഷം നാലാം ഞായർ
## ലൂക്കാ 24:36-49

ഉയിർത്തെഴുന്നേറ്റ യേശുക്രിസ്തു ശിഷ്യർക്ക് പ്രത്യക്ഷപ്പെട്ടു "നിങ്ങൾക്ക് സമാധാനം' എന്നാശംസിച്ചു. ക്രിസ്തുവിന്റെ സമാധാനവും ലോകത്തിന്റെ സമാധാനവും തമ്മിൽ അജഗജാന്തര വ്യത്യാസമുണ്ട്. മനുഷ്യർ ക്രമത്തിൽ കഴിയുമ്പോൾ ഉണ്ടാകുന്ന സമാധാനമാണ്. ലോകം തരുന്ന സമാധാനം. എന്നാൽ ക്രമത്തിൽ മാത്രമല്ല ഭയാനകമായ അക്രമത്തിന്റെയും പീഡനത്തിന്റെയും മദ്ധ്യത്തിലും അനുഭവിക്കുവാൻ കഴിയുന്ന സമാധാനമാണ് ക്രിസ്തു തരുന്ന സമാധാനം. അതുകൊണ്ട് യേശു മുൻകൂട്ടി ശിഷ്യരോട് പറഞ്ഞിരുന്നു. "ഞാൻ നിങ്ങൾക്ക് സമാധാനം തന്നിട്ടു പോകുന്നു. എന്റെ സമാധാനം നിങ്ങൾക്കു ഞാൻ നൽകുന്നു. ലോകം നൽകുന്നതുപോലെയല്ല ഞാൻ നൽകുന്നത്. നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ട. നിങ്ങൾ ഭയപ്പെടുകയും വേണ്ട" (യോഹ 14:27). ക്രിസ്തുവിന്റെ സമാധാനം ആന്തരികവും നിലനിൽക്കുന്നതും ധൈര്യമുള്ളതും സ്വസ്ഥത ഉളവാക്കുന്നതുമാണ്. ക്രിസ്തുവിന്റെ ഈ സമാധാനം ലഭിച്ച ശിഷ്യർ ധൈര്യശാലികളായി; പീഡനങ്ങളിൽ ആനന്ദിക്കുന്നവരായി പത്രോസും യോഹന്നാനും ഇതിന്റെ നല്ല ഉദാഹരണങ്ങളാണ്. അവർ അപ്പസ്തോലന്മാരെ അകത്തുവിളിച്ച് പ്രഹരിച്ചതിനുശേഷം, യേശുവിന്റെ നാമത്തെപ്രതി അപമാനം സഹിക്കാൻ യോഗ്യത ലഭിച്ചതിൽ സന്തോഷിച്ചുകൊണ്ട് സംഘത്തിന്റെ മുമ്പിൽനിന്നു പുറത്തുപോയി" (അപ്പ പ്ര 5:40-41). പൗലോസിന്റെയും അനുഭവവും ഇത് വ്യക്തമാക്കുന്നു. "ജനക്കൂട്ടം ഒന്നാകെ അവർക്കെതിരായി ഇളകി. വസ്ത്രങ്ങൾ ഉരിഞ്ഞുമാറ്റി. അവരെ പ്രഹരിക്കാൻ ന്യായാധിപന്മാർ കല്പന നൽകി. അവർ അവരെ വളരെയധികം പ്രഹരിച്ചതിനുശേഷം കാരാഗൃഹത്തിലടച്ചും അവർക്കു ശ്രദ്ധാപൂർവ്വം കാവൽ നിൽക്കാൻ പാറാവുകാരനു നിർദ്ദേശവും കൊടുത്തു. അവൻ കല്പനപ്രകാരം അവരെ കാരാഗൃഹത്തിന്റെ ഉള്ളറയിലാക്കി കാലുകൾക്ക് ആമം വച്ചു. അർദ്ധരാത്രിയോടടുത്ത് പൗലോസും സീലാസും കീർത്തനം പാടി ദൈവത്തെ സ്തുതിക്കുകയായിരുന്നു. തടവുകാർ അതു കേട്ടുകൊണ്ടിരുന്നു. (അപ്പ പ്ര 16:22-25). ബന്ധിതാവസ്ഥയിലും ദൈവത്തെ സ്തുതിക്കാൻ കഴിയുന്ന ജീവനുള്ള സമാധാനമാണ് ക്രിസ്തുവിന്റെ സമാധാനം.ഈ ദൈവിക സമാധാനമാണ് ക്രിസ്തുശിഷ്യർക്ക് പ്രതൃകിച്ച് ഭയന്നിരുന്ന ശിഷ്യർക്ക് ആശംസിച്ചത്. ഈ സമാധാന ആശംസ നമ്മുടെ വി.കുർബാനയിലും ഏഴു പ്രാവശ്യം ഉണ്ട്. ഉയിർത്തെഴുന്നേറ്റ ക്രിസ്തു അടുക്കലടുക്കൽ സമാധാനം ആശംസിച്ചതുകൊണ്ട് നമ്മുടെ വി.കുർബാനയിൽ സ്വർഗസ്ഥനായ പിതാവേ എന്ന പ്രാർത്ഥനയ്ക്കുശേഷം ഓരോ പ്രാർത്ഥന കഴിയുമ്പോഴും സമാധാനം ആശംസിക്കുന്നത്.

കുരിശിൽ തറയ്ക്കപ്പെട്ട് താൻ തന്നെയാണ് ഉയിർത്തെഴുന്നേറ്റത് എന്നും ശിഷ്യരെ ബോധ്യപ്പെടുത്താൻ യേശു ആണിപ്പാടുകളുള്ള തന്റെ കൈകാലുകൾ അവരെ കാണിച്ചു. കർത്താവ് മനുഷ്യരക്ഷകനാണെന്നതിന്റെ തെളിവാണ് അവിടുത്തെ തിരുമുറിവുകൾ. മുറിക്കപ്പെട്ടവൻ ആണ് ക്രൈസ്തവരുടെ ദൈവം. അതിനാൽ മറ്റുള്ളവർക്കുവേണ്ടി

മുറിക്കപ്പെടുന്നവരാണ് ക്രൈസ്തവർ. ദൈവത്തിനും മനുഷ്യർക്കും മുറിക്കപ്പെടാത്തവർ ക്രൈസ്തവരേയല്ല.

വിശുദ്ധ ലിഖിതങ്ങൾ ഗ്രഹിക്കാൻ തക്കവിധം യേശു അവരുടെ മനസ്സ് തുറന്നു. ഉയിർപ്പിന്റെ രഹസ്യങ്ങൾ ഗ്രഹിക്കണമെങ്കിൽ ലിഖിതം മനസ്സിലാക്കണം. വിശുദ്ധ തിരുവചനം ഗ്രഹിക്കണമെങ്കിൽ വചനത്തോട് നമുക്ക് തുറവി ഉണ്ടായിരിക്കണം. തുറന്ന മനസ്സോടെ തിരുവചനങ്ങൾ സ്വീകരിക്കാൻ നമുക്ക് കഴിയുന്നുണ്ടോ?

പിതാവിന്റെ വരദാനം, പരിശുദ്ധാത്മാവ് നമ്മുടെമേൽ അയച്ചുതരാമെന്ന് ഈശോ വാഗ്ദാനം ചെയ്തു. ഉന്നതത്തിൽനിന്നുള്ള ശക്തി ധരിക്കുന്നതുവരെ നഗരത്തിൽ തന്നെ വസിക്കുവിൻ. ഉന്നതതത്തിൽനിന്നുള്ള ശക്തിയാൽ നിറയുന്നതുവരെ ഈശോയെ കാണുകയും കേൾക്കുകയും അനുഭവിച്ചറിയുകയും ചെയ്ത സ്ഥലത്തു തന്നെ കഴിയണം. ഉന്നതശക്തിയില്ലാതെ പുറത്തു പോകരുത്. പരിശുദ്ധാത്മാവിനാൽ ബലപ്പെടാതെ പുറത്തു പോകരുത്. ബലപ്പെടാനുള്ള കാലത്ത് ബലഹീനരാകരുത്. ഉയിർത്തെഴുന്നേറ്റ യേശു അനുഭവത്തിൽ നിലനിൽക്കുകയും വളരുകയും ചെയ്ത് ബലപ്പെടണം. അപ്പോൾ പിരശുദ്ധാത്മാവ് നമ്മെ ബലപ്പെടുത്തും. ക്രിസ്തനുഭവവും പരിശുദ്ധാത്മാഭിഷേകവും ചേർന്നുപോകുന്നതാണ്. ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ ദർശനവും അനുഭവവും പരിശുദ്ധാത്മ സ്വീകരണത്തിലേക്ക് നയിക്കണം. പരിശുദ്ധാത്മ ശക്തിയാൽ നിറഞ്ഞശേഷം എവിടെയും പോകാം. അതിനുമുമ്പ് പോകരുത്. അഥുകൊണ്ട് ഈശോ പറഞ്ഞു" ഉന്നതത്തിൽനിന്ന് ശക്തി ധരിക്കുന്നതുവരെ നഗരത്തിൽതന്നെ വസിക്കുവിൻ".

ക്രിസ്തുവിനോടൊത്ത് വസിച്ച് പരിശുദ്ധാത്മാവിനാൽ നിറയുന്നതിന് നമുക്ക് ന്നായി പ്രാർത്ഥിച്ച് ഒരുങ്ങാം.

ദൈവം അനുഗ്രഹിക്കട്ടെ

**********************